**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 424** **11-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിനുണ്ടായ വരുമാന നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസർക്കാരിൽ നിന്നുള്ള പ്രതികൂല നടപടികൾ മൂലം 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിനുണ്ടായ ആകെ വരുമാന നഷ്ടം എത്ര രൂപയാണെന്നാണ് സർക്കാർ സുപ്രീംകോടതിയെ അറിയിച്ചിട്ടുള്ളത്; സർക്കാർ സുപ്രീംകോടതിയിൽ സമർപ്പിച്ചിട്ടുള്ള തുകയുടെ വിശദാംശം അറിയിക്കുമോ; | (എ) | സംസ്ഥാന സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളായ KIIFB, KSSPL മുതലായവ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാനത്തിന്റെ കടമായി കണക്കാക്കി 2022-23,2023-24 സാമ്പത്തിക വർഷങ്ങളിലും പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പ് സംസ്ഥാനത്തിന്റെ കടമെടുപ്പിൽ ഉൾപ്പെടുത്തി 2017 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെയും യഥാക്രമം 15,895.50 കോടി രൂപയും 91,617.59 കോടി രൂപയും സംസ്ഥാന കടമെടുപ്പിൽ കുറവ് ചെയ്തിട്ടുണ്ടെന്നാണ് സംസ്ഥാനം സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള OS 1/2024 State of Kerala Vs Union of India കേസിൽ പരാമർശിച്ചിട്ടുള്ളത്. ഇപ്രകാരം ഈ രണ്ടിനങ്ങളിലായി സംസ്ഥാനത്തിന് ലഭ്യമാകേണ്ട വായ്പാ വരുമാനത്തിലുണ്ടായ ആകെ കുറവ് 1,07,513.09 കോടി രൂപയാണ് |
| (ബി) | ഇതിൻ പ്രകാരം ഏതൊക്കെ ഇനങ്ങളിലായി എത്ര രൂപ വീതമാണ് സംസ്ഥാനത്തിന് നഷ്ടമായിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാന സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളായ KIIFB, KSSPL മുതലായവ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാനത്തിന്റെ കടമായി കണക്കാക്കി 2022-23,2023-24 സാമ്പത്തിക വർഷങ്ങളിലും പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പ് സംസ്ഥാനത്തിന്റെ കടമെടുപ്പിൽ ഉൾപ്പെടുത്തി 2017 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെയും യഥാക്രമം 15,895.50 കോടി രൂപയും 91,617.59 കോടി രൂപയും സംസ്ഥാന കടമെടുപ്പിൽ കുറവ് ചെയ്തിട്ടുണ്ടെന്നാണ് സംസ്ഥാനം സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള OS 1/2024 |

| | | | |
|---|---|---|---|
| | | | State of Kerala Vs Union of India കേസിൽ പരാമർശിച്ചിട്ടുള്ളത്. ഇപ്രകാരം ഈ രണ്ടിനങ്ങളിലായി സംസ്ഥാനത്തിന് ലഭ്യമാകേണ്ട വായ്പാ വരുമാനത്തിലുണ്ടായ ആകെ കുറവ് 1,07,513.09 കോടി രൂപയാണ് |
| (സി) | പ്രസ്തുത കാലയളവിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടി കുറയ്ക്കുകയുണ്ടായോ; എങ്കിൽ എത്ര ശതമാനത്തിന്റെ കുറവാണ് വരുത്തിയിട്ടുള്ളത്; ഈ കുറവ് വരുത്തലിന് കാരണമായി കേന്ദ്രം ചൂണ്ടിക്കാണിച്ചിട്ടുള്ളത് എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ; | (സി) | 2017 ഓഗസ്റ്റിന് മുൻപ് പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പ് സംസ്ഥാനത്തിന്റെ കടമെടുപ്പിൽ ഉൾപ്പെടുത്തി കുറവ് ചെയ്തിരുന്നില്ല. എന്നാൽ 2017-18 മുതൽ 2023-24 കാലയളവിൽ മാത്രം പൊതു കണക്കിനത്തിലെ നീക്കിയിരിപ്പ് ചൂണ്ടിക്കാട്ടി 91,269.24 കോടി രൂപയുടെ കുറവ് വരുത്തുകയുണ്ടായി. സംസ്ഥാന സർക്കാരിന് കീഴിലെ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്ത് 2021-22 മുതൽ സംസ്ഥാന സർക്കാരിന്റെ ആകെ കടമെടുപ്പിൽ കേന്ദ്രസർക്കാർ വെട്ടിക്കുറവ് വരുത്തിവരികയാണ്. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ് ചൂണ്ടിക്കാട്ടിയും കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ കടമെടുപ്പിൽ വെട്ടിക്കുറവ് വരുത്തികൊണ്ടിരിക്കുയാണ്. |
| (ഡി) | 2023-24 സാമ്പത്തിക വർഷത്തിൽ സർക്കാർ ആകെ എത്ര രൂപയാണ് കടം എടുത്തിട്ടുള്ളത്; കടമെടുത്ത തീയതി, തുക എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ഡി) | അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം 2023-24 സാമ്പത്തിക വർഷം 30,038.36 കോടി രൂപയാണ് തനി പൊതു കടമായി സംസ്ഥാനം കൈക്കൊണ്ടിട്ടുള്ളത്. പൊതു വിപണിയിൽ നിന്നുള്ള കടമെടുപ്പ്, LIC, GIC, NABARD, ദേശീയ ലഘു സമ്പാദ്യ പദ്ധതിയിലേക്കുള്ള പ്രത്യേക സെക്യൂരിറ്റികൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള വായ്പകൾ അടങ്ങുന്ന ആഭ്യന്തര കടവും കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും (വിദേശ സഹായ പദ്ധതികൾക്കുള്ള വായ്പകൾ) മുൻകൂറുകളും ഉൾപ്പെടുന്നതാണ് സംസ്ഥാനത്തിന്റെ പൊതു കടം. അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്കുകൾ തയ്യാറാകുന്ന മുറയ്ക്ക് കടമെടുത്ത തീയതി തുക സംബന്ധിച്ച വിവരങ്ങൾ ലഭ്യമാവുകയുള്ളൂ. |
| (ഇ) | 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കേന്ദ്ര സർക്കാർ വർദ്ധനവ് അനുവദിക്കുകയുണ്ടായോ; എങ്കിൽ ആകെ എത്ര ശതമാനം വർദ്ധനവാണ് അനുവദിച്ചത്; ഇത് എത്ര തവണകളായി എത്ര രൂപ വീതം ആണ് സംസ്ഥാനം കടം കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ഇ) | 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കേന്ദ്ര സർക്കാർ വർദ്ധനവ് അനുവദിച്ചിട്ടില്ല. സംസ്ഥാനത്തിന് അർഹമായ വായ്പാനുമതി മാത്രമാണ് സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്ന് ലഭ്യമായിട്ടുള്ളത്. |

| | | | |
|---|---|---|---|
| (എഫ്) | കടമെട്ടപ്പ് പരിധിയിൽ ഇളവ് അനുവദിക്കുന്നതിനോടനുബന്ധിച്ച് കേന്ദ്രം മുന്നോട്ടു വച്ചിട്ടുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (എഫ്) | കടമെട്ടപ്പ് പരിധിയിൽ ഇളവ് അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ